നഗരഗ്രാമാസൂത്രണ വകുപ്പ്
കോഴിക്കോട് ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം

(ഹാജർ. ഐഎഷ. പി.എ)

വിഷയം : മരുതോങ്കര ഗ്രാമപഞ്ചായത്ത് – ആട്, കോഴി, പശു വളർത്തൽ കേന്ദ്രം – നിർമ്മാണം – യൂസേജ് ഓഫ് പ്ലോട്ട് – അനുമതി നൽകി ഉത്തരവാകുന്നു.

സൂചന: ശ്രീ. സാജിദ് ചീരോത്ത് സമർപ്പിച്ച 06/07/2019 –ലെ അപേക്ഷ.

ഉത്തരവ് നമ്പർ: സി1/2498/2019/കെ.ഡിസ് തീയതി: 23/07/2019

മരുതോങ്കര ഗ്രാമപഞ്ചായത്ത് അൺസർവ്വേയിൽപ്പെട്ട 1.0154 ഹെക്ടർ സ്ഥലത്ത് 1779.29 ച.മീ വിസ്തീർണ്ണമുള്ള ആട്, കോഴി, പശു വളർത്തൽ കേന്ദ്ര നിർമ്മാണത്തിന് കെ.പി.ബി.ആർ 2011 –നും അനുബന്ധ ഭേദഗതികൾക്കും അനുസരിച്ച് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി യൂസേജ് ഓഫ് പ്ലോട്ട് & ലേ ഔട്ട് അംഗീകാരം നൽകുന്നു.

1) പ്ലോട്ടിന്റെ അതിരളവുകൾ,തരം,അപേക്ഷകന് മേൽ പ്ലോട്ടിൽ നിർമ്മാണം നടത്തുന്നതിനുള്ള അവകാശം എന്നിവ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

2) അഗ്നിശമന സേനാ ഡയറക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഉള്ള അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

3) ഖരദ്രവ മാലിന്യങ്ങൾ കെ.പി.ബി.ആർ ചട്ടം 59(14,15) നിബന്ധനകൾ പ്രകാരം സംസ്കരിക്കുന്നതിനുള്ള സംവിധാനം പ്രായോഗികമായി ഏർപ്പെടുത്തിയതിന് ശേഷം മാത്രമേ ഒക്യൂപ്പൻസി അനുവദിക്കാവൂ.

4) മൊത്തം വിസ്തീർണ്ണം 1000 ച.മീറ്റർ കവിയുന്നതിനാൽ ചട്ടം 59(5) പ്രകാരം 5.00 മീറ്റർ ആവശ്യമായതിനാൽ യൂണിറ്റ് – 2 പൗൾട്രി ഷെഡ് വരെ ഉൾവശത്തെ റോഡ് (ഇന്റേണൽ റോഡ്) വീതി 5.00 മീറ്ററാക്കി വർദ്ധിപ്പിക്കേണ്ടതാണ്. ആയത് നിർമ്മിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

അപേക്ഷയോടൊപ്പം ലഭിച്ച സൈറ്റ് പ്ലാനിന്റെ കോപ്പി ***TP/LA/27/19 Dt.23/07/2019*** ആയി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

ഈ ഉത്തരവ് നിർമ്മാണത്തിന്റെ യൂസേജ് ഓഫ് പ്ലോട്ട് & ലേ ഔട്ട് അംഗീകാരം മാത്രമാണ് ചട്ടപ്രകാരമുള്ള നിർമ്മാണാനുമതി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും കരസ്ഥമാക്കേണ്ടതാണ്.

നഗരാസൂത്രക
കോഴിക്കോട്

പകർപ്പ്:
1) അപേക്ഷകൻ (1 സെറ്റ് അംഗീകരിച്ച പ്ലാൻ സഹിതം).
2) സെക്രട്ടറി, മരുതോങ്കര ഗ്രാമപഞ്ചായത്ത്.
3) ഫയൽ.
4) വെബ്സൈറ്റ്

പി.പി.ആർ. 25/07